## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1390 — 06/03/2018-ൽ മറുപടിയ്ക്ക്

### ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക

| | ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക സമീപത്തെ സ്വകാര്യ കച്ചവട സ്ഥാപനങ്ങളിലെ വാടകയെക്കാൾ വളരെ കറവാണെന്നും ഇതുമൂലം വലിയ വരുമാനനഷ്ടം സംഭവിക്കുകയാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) നിയമത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായി പരസ്യലേലം ചെയ്താണ് അനുവദിക്കുന്നത്. ഇത്തരത്തിൽ പരസ്യ ലേലത്തിലൂടെ നിശ്ചയിക്കുന്നത് മൂലമാണ് ടി മുറികൾക്ക് സ്വകാര്യ കച്ചവട സ്ഥാപനങ്ങളിലെ വാടകയെക്കാൾ കറവ് വരുന്നത് എന്നാണ് ശ്രദ്ധയിൽപ്പെടുന്നത്. |
| (ബി) | വാടകയിലെ അന്തരം കുറച്ച് സ്വകാര്യ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകയ്ക്ക് തുല്യമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | ഗ്രാമപഞ്ചായത്തുകൾ ഉൾപ്പടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ | (സി) | 1965 ലെ കേരള കെട്ടിട (പാട്ടം വാടക നിയന്ത്രണ ആക്ട്) പ്രകാരമുള്ള വാടക നിശ്ചയിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | ളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടകൾ കുറഞ്ഞ വാടകയിൽ നിരവധി വർഷങ്ങളായി ഒരേ കച്ചവടക്കാർ തന്നെ കയ്യടക്കി വച്ചിരിക്കുന്നത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ? | | കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**